പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1026

01.03.2017 -ലെ മറുപടിയ്ക്ക്

# നോട്ടുകൾനിരോധിച്ചതു മൂലം തൊഴിലാളികൾക്കുണ്ടായ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 500, 1000 രൂപയുടെ നോട്ടുകൾ മുന്നൊരുക്കങ്ങൾ ഇല്ലാതെ നിരോധിച്ചതു മൂലം കേരളത്തിലെ തൊഴിലാളികൾക്ക് നാളിതുവരെ എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാണോ; | (എ)&(ബി) നോട്ട് നിരോധനം സംസ്ഥാനത്തെ പ്ലാന്റേഷൻ, കാഷ്യു, മത്സ്യ ബന്ധന- വിപണനം, നിർമ്മാണം, പ്ലൈവുഡ്, ടെക്സ്റ്റൈയിൽസ്-ചെറുകിട കച്ചവടം എന്നീ മേഖലകളിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്.<br><br>തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതു സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ പ്ലൈവുഡ് മേഖലയിൽ 30 മുതൽ 40 ശതമാനം വരെ ജോലി ഇല്ലാതാവുകയും 25 ശതമാനത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സ്വദേശത്തേക്ക് മടങ്ങുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കാറ്റേർഡ് മേഖലയിലെ നിർമ്മാണ തൊഴിലാളികൾക്കും കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കും പൊതുവിൽ തൊഴിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ബി) ഇതു കാരണം തൊഴിലാളികൾക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | |

Sreekala

സെക്ഷൻ ഓഫീസർ